**<u>ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി</u>**
**<u>ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി</u>**
**<u>2026 മാർച്ച് മാസം 31 തീയ്യതി</u>**

**<u>ST 307/2022</u>**

| | | |
|---|---|---|
| കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>സബ്ഇൻസ്പെക്ടർ,<br>താമരശ്ശേരി പോലീസ് സ്റ്റേഷൻ, ക്രൈം.391/2022 | } | : പരാതിക്കാരൻ |

*(ശ്രീ. രഞ്ജിൻ ബേബി, APP )*

| | | |
|---|---|---|
| ജംസീർ സി.കെ, വയസ്സ്:29/2022<br>S/o.നാസർ<br>ചെട്ട്യാൻകണ്ടി വീട്,<br>വളപ്പിൽപൊയിൽ, കോരങ്ങാട് | } | : പ്രതി |

*(ശ്രീ.സി.ടി അഹമ്മദ്കുട്ടി, പ്രതി ഭാഗം അഡ്വക്കറ്റ് )*

| | | |
|---|---|---|
| കുറ്റം | : | ഇന്ത്യൻ ശിക്ഷാനിയമം 279, 338, 304(A) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്. |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | തെളിയിക്കപ്പെട്ടിട്ടില്ല |
| കുറ്റം അല്ലെങ്കിൽ ശിക്ഷ | : | പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പു പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

| **ക്രമ നമ്പർ** | **പ്രതികളുടെ വിവരണം** | |
|---|---|---|
| 1 | പോലീസ് സ്റ്റേഷൻെറ പേരും ക്രൈം നമ്പറും | താമരശ്ശേരി പോലീസ് സ്റ്റേഷൻ Cr.No.391/2022 |
| 2 | പ്രതിയുടെ പേര് | ജംസീർ സി.കെ |
| 3 | അച്ഛൻെറ പേര് | നാസർ |
| 4 | പ്രവർത്തി | -- |
| 5 | വിലാസം | കോരങ്ങാട് |
| 6 | വയസ്സ് | 29/2022 |

| | **Date of** | |
|---|---|---|
| 7 | സംഭവം നടന്ന തീയ്യതി | 10.07.2022 |
| 8 | പരാതി കൊടുത്ത തീയ്യതി | 11.07.2022 |
| 9 | അറസ്റ്റു ചെയ്ത തീയ്യതി | 11.08.2022 |
| 10 | ജാമ്യത്തിൽ വിട്ട തീയ്യതി | 11.08.2022 |
| 11 | കമ്മിറ്റ്മെൻറ് | -- |
| 12 | വിചാരണ തുടങ്ങിയ തീയ്യതി | 02.03.2023 |
| 13 | സാക്ഷി വിസ്താരത്തിൻെറ തുടക്കം | 01.01.2026 |
| 14 | വിചാരണ അവസാനിച്ച തീയ്യതി | 27.03.2026 |
| 15 | വിധി തീയ്യതി | 31.03.2026 |
| 16 | പ്രതിയ്ക്ക് വിധിന്യായത്തിൻെറ പകർപ്പ് നൽകൽ | -- |
| 17 | കാലതാമസത്തിൻെറ വിശദീകരണം | കാലതാമസമില്ല |
| 18 | അന്വേഷണ കാലയളവിലോ അല്ലെങ്കിൽ വിചാരണ വേളയിലോ അനുഭവിച്ച തടവ് കാലാവധി (428 Cr.PC പ്രകാരം) | -- |

**<u>ഉത്തരവ്</u>**

താമരശ്ശേരി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ താമരശ്ശേരി പോലീസ് സ്റ്റേഷൻ, ക്രൈം.391/2022 ൽ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷ നിയമം 279,338,304(A) വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചുമത്തി ബോധിപ്പിച്ച അന്തിമ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള കേസ് ആണിത്.

2. പ്രോസിക്യൂഷൻ കേസ് താഴെ പറയും പ്രകാരമാണ്:

10.07.2022 തീയ്യതി 11.30 മണിക്ക് താമരശ്ശേരി ബൈപ്പാസിൽ വെച്ച് ഒന്നാം സാക്ഷി റൈഡറായി ചുമതല വഹിച്ച് വരുന്ന KL 16 V 5464 നമ്പർ ഓട്ടോറിക്ഷയിൽ രണ്ടും മൂന്നും സാക്ഷികളും ഒന്നാം സാക്ഷിയുടെ ഭാര്യ ഷെമീന എന്ന സ്ത്രീയും ഒന്നിച്ച് പൂനൂർ മഠത്തുംപൊയിൽ വീട്ടിൽ നിന്നും താമരശ്ശേരിയിലേക്ക് വരവെ താമരശ്ശേരി ഭാഗത്തുനിന്നും പ്രതി

അശ്രദ്ധമായും അമിത വേഗതയിലും മനുഷ്യജീവന് അപകടം വരത്തക്ക വിധം ഓടിച്ചു വന്ന KL 57B 8213 നമ്പർ കാർ ഇടിച്ചതിൽ ഗുരുതരമായ പരിക്കുപററിയ ഷെമീന എന്ന സ്ത്രീ 11.07.2022 തീയ്യതി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടു എന്നും ഒന്നാം സാക്ഷിയുടെ ഇടത് കാലിൻെറ തുടയെല്ല് പൊട്ടിയും രണ്ടാം സാക്ഷിയുടെ ഇടത് കൈയുടെ റിസ്റ്റിൻെറ എല്ല്പൊട്ടി ഗുരുതര പരിക്ക് പറ്റിയിരിക്കയാൽ പ്രതി ഇന്ത്യൻ ശിക്ഷാനിയമം 279, 338, 304(A) വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു.

3. പ്രതിക്ക് സമൻസ് അയച്ചതിൽ പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി ജാമ്യം എടുത്തിട്ടുള്ളതാണ്. പ്രോസിക്യൂഷൻ രേഖകളുടെ കോപ്പികൾ പ്രതിക്ക് നൽകിയിട്ടുള്ളതാണ്. ഇന്ത്യൻ ശിക്ഷ നിയമം 279,338,304(A) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങളുടെ സാരം വായിച്ചു കേൾപ്പിച്ചതിൽ പ്രതി കുറ്റം ചെയ്തതായി നിഷേധിച്ചു.

4. പ്രോസിക്യൂഷൻ ഭാഗം തെളിവിലേക്കായി PW1, PW2 സാക്ഷികളെ വിസ്തരിച്ചു. Ext.P1 മുതൽ Ext.P10 രേഖകൾ തെളിവിലേക്കായി ഹാജരാക്കുകയും ചെയ്തു. CW2, CW3 യ്ക്കെതിരെ steps execute ചെയ്തിരിക്കുന്നു. അന്തിമ റിപ്പോർട്ടിലെ ബാക്കി സാക്ഷികളെ (CW4 മുതൽ CW19) വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റൻറ് പബ്ലിക്ക് പ്രോസിക്യൂട്ടർ എഴുതി നല്കി. പ്രോസിക്യൂഷൻ സാക്ഷികളുടെ മൊഴികളിൽ പ്രതിക്കെതിരായി കുറ്റകരമായ സാഹചര്യങ്ങൾ ഒന്നും ഇല്ലാത്തതിനാൽ ക്രിമിനൽ നടപടി ചട്ടം 313 (1)(b) വകുപ്പ് പ്രകാരം ഉള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

5. ഇരുഭാഗത്തെയും വാദം കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു.

6. ഇരുവിഭാഗം വാദം കേട്ടതിൽ നിന്നും തെളിവുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സംഗതികൾ നിർണ്ണയിക്കേണ്ടതിലേക്കായി പരിഗണിക്കുന്നു.

1. പ്രതി KL 57B 8213 നമ്പർ കാർ മനുഷ്യ ജീവന് അപകടം വരത്തക്ക രീതിയിൽ തിടുക്കത്തിലോ, അശ്രദ്ധമായോ പൊതുനിരത്തിലൂടെ ഓടിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രതി ഓടിച്ചു വന്നതായ KL 57B 8213 നമ്പർ കാർ ഇടിച്ചതിൽ, ഓട്ടോറിക്ഷയിൽ യാത്ര ചെയ്തിരുന്ന ഒന്നും രണ്ടും സാക്ഷികൾക്ക് ഗുരുതരമായ പരിക്ക് പറ്റിയതിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 338 വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?
3. പ്രതിയുടെ തിടുക്കത്തിലും അശ്രദ്ധമായും ചെയ്ത പ്രവർത്തി കാരണം ഷെമീന എന്ന സ്ത്രീ മരണപ്പെട്ടതിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പു പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?
4. പ്രതി കുറ്റം എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ എന്താണ് ഉചിതമായ ശിക്ഷ?

7. **പരിഗണനാ വിഷയം 1,2 & 3:** ഈ വിഷയങ്ങൾ ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ഇവ ഒരുമിച്ച് പരിഗണിക്കുന്നു. PW1 ഈ കേസിലെ പരാതിക്കാരനാണ്. 10/7/2022 തിയ്യതി 11.00 PM നു താമരശ്ശേരി ബൈപ്പാസിൽ ഉള്ള മദർ മേരി ഹോസ്പിറ്റലിന്റെ അടുത്തുവച്ച് ഉണ്ടായ അപകടത്തിൽ തനിക്ക് പരിക്ക് പറ്റുകയും തൻറെ ഭാര്യ ഷമീന മരണപ്പെടുകയും ചെയ്തു എന്നും കൂടാതെ ഷമീനയുടെ മക്കളായ ലതീതാ നസ്റിൻ, ദിനാ നൗറസ്, എന്നിവർക്ക് പരിക്ക് പറ്റുകയും ചെയ്തു എന്നും ഈ സംഭവത്തിന് എന്താണ് കാരണമെന്ന് തനിക്കറിയില്ല എന്നും സംഭവത്തിന് കാരണം തങ്ങൾ സഞ്ചരിച്ച ഓട്ടോയിൽ ഒരു കാർ അമിതവേഗതയിലും അശ്രദ്ധയിലും ഓടിച്ചുവന്ന് ഇടിച്ചതാണ് എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടുണ്ടെങ്കിൽ അത് ശരിയല്ല എന്നും കേസുമായി മുന്നോട്ടു പോകാൻ താല്പര്യമില്ല എന്നും കേസ് കാര്യങ്ങളെല്ലാം പറഞ്ഞ് രാജിയായി എന്നും പരാതി കൊടുത്തത് ഷമീനയുടെ ആങ്ങള സ്വലാഹ് ആണ് എന്നും അദ്ദേഹം ഇപ്പോൾ ഗൾഫിൽ ആണ് എന്നും PW1 മൊഴി നല്കിയിരിക്കുന്നു.

8. PW2 ഈ കേസിന്റെ കുറ്റാന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച ഉദ്യോഗസ്ഥനാണ്. താൻ താമരശ്ശേരി പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ആയിരിക്കെ ഈ കേസിൽ മരണപ്പെട്ട ഷമീനയുടെ inquest റിപ്പോർട്ട് തയ്യാറാക്കി, ആ Inquest റിപ്പോർട്ടാണ് Ext. P1. എന്നും ഈ കേസിലെ എഫ്ഐ ആർ രജിസ്റ്റർ ചെയ്തത് ASI ജയ്സൺ ദേവസ്യയാണ് എന്നും അദ്ദേഹത്തിൻറെ ഒപ്പ് കണ്ടാൽ തനിക്ക് തിരിച്ചറിയാൻ സാധിക്കും എന്നും ആ FIR ആണ് Ext. P2 എന്നും തുടർന്ന് സംഭവസ്ഥല മഹസർ തയ്യാറാക്കി എന്നും സംഭവസ്ഥല മഹസർ ആണ് Ext. P3 എന്നും PW2

മൊഴി നല്കിയിരിക്കുന്നു. അപകടത്തിൽ ഉൾപ്പെട്ട രണ്ടു വാഹനങ്ങളുടെയും ബോഡി മഹസർ തയ്യാറാക്കി എന്നും അവയാണ് Ext. P4 എന്നും രണ്ടു വാഹനങ്ങളുടെയും MVI റിപ്പോർട്ട് വാങ്ങിച്ച് കോടതി മുമ്പാകെ ഹാജരാക്കി എന്നും MVI റിപ്പോർട്ടുകളാണ് Ext. P5series എന്നും പ്രതിയെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു എന്നും ആ അറസ്റ്റു മെമ്മോ ആണ് Ext. P6 എന്നും അറസ്റ്റ് ചെയ്ത പ്രതിയെ കണ്ടാൽ തനിക്ക് തിരിച്ചറിയാൻ സാധിക്കും എന്നും ഇന്ന് കോടതിയിൽ ഹാജർ ഉണ്ട് എന്നും PW2 മൊഴി നല്കിയിരിക്കുന്നു.. മരണപ്പെട്ട വ്യക്തിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടാണ് Ext. P7 എന്നും തുടർന്ന് ഒന്നു മുതൽ 19 വരെ കൂടിയ സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി എന്നും കോടതി മുൻപാകെ ഈ കേസിൻെറ കുറ്റപത്രം സമർപ്പിച്ചു എന്നും സംഭവത്തിൽ പരിക്കുപറ്റിയ ആളുകളുടെ ട്രീറ്റ്മെൻറ് സർട്ടിഫിക്കറ്റ്, ഡിസ്ചാർജ് സർട്ടിഫിക്കറ്റ് കോടതി മുൻപാകെ ഹാജരാക്കി എന്നും അവയിൽ Treatment സർട്ടിഫിക്കറ്റാണ് Ext. P8 എന്നും Discharge സർട്ടിഫിക്കറ്റാണ് Ext. P9 എന്നും പ്രതിയുടെ പേരുവിലാസവും കൂട്ടിച്ചേർക്കുവാൻ ഉള്ള റിപ്പോർട്ട് കോടതി മുമ്പാകെ ഹാജരാക്കി എന്നും ആ റിപ്പോർട്ടാണ് Ext. P10 എന്നും PW2 മൊഴി നല്കിയിരിക്കുന്നു.

9. PW1 സാക്ഷിയുടെ മൊഴികളിൽ നിന്നും ഈ കേസിനാസ്പദമായ അപകടത്തിൻെറ കാരണം സംബന്ധിച്ചും, അപകടത്തിൽ ഉൾപ്പെട്ട വാഹനം ഓടിച്ചിരുന്ന ഡ്രൈവറെ സംബന്ധിച്ചും യാതൊരുവിധ വിശദാംശങ്ങളും ഇല്ലാത്തതാണ്. ഷെമീന എന്ന സ്ത്രീയുടെ മരണത്തിനിടയാക്കിയ വാഹനം പ്രതി ഓടിച്ചിരുന്നതായോ പ്രതി അലക്ഷ്യമായോ അശ്രദ്ധമായോ വാഹനം ഓടിച്ചിരുന്നതായോ തെളിയിക്കുന്ന യാതൊരു തെളിവും പ്രോസിക്യൂഷന് ഹാജരാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ തന്നെ പ്രതിക്കെതിരെ ആരോപിക്കുന്ന കുറ്റങ്ങൾ തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഒന്ന് രണ്ട് മൂന്ന് വിഷയങ്ങൾ പ്രോസിക്യൂഷന് എതിരായി കണ്ടെത്തിയിരിക്കുന്നു.

10. **<u>വിഷയം 4</u>:** പ്രതി കുറ്റക്കാരനല്ല എന്ന് കണ്ടെത്തിയതിനാൽ ഈ വിഷയം പരിഗണിക്കേണ്ടതില്ല.

11. **ഫലത്തിൽ,**

പ്രതി ഇന്ത്യൻ ശിക്ഷ നിയമം 279, 338, 304(A) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ട് പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255 (1) വകുപ്പു പ്രകാരം വെറുതെ

വിട്ടിരിക്കുന്നു. പ്രതി ചമയ്ച്ചിട്ടുള്ള ജാമ്യബോണ്ടുകൾ റദ്ദ് ചെയ്ത് പ്രതിയെ സ്വതന്ത്രനാക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 31 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി

**<u>അനുബന്ധം</u>**

<u>പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ:</u>

| റാങ്ക് | പേര് | സാക്ഷികളുടെ തരം ദൃക്സാക്ഷി/പോലീസ് സാക്ഷി/വിദഗ്ദ സാക്ഷി/മെഡിക്കൽ സാക്ഷി/മറ്റ് സാക്ഷികൾ) |
|---|---|---|
| PW1 | റഫീഖ് (CW1) | ദൃക്സാക്ഷി |
| PW2 | ലളിത(CW20) | പോലീസ് സാക്ഷി |

<u>പ്രോസിക്യൂഷൻ ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ :</u>

| ക്രമ നമ്പർ | എക്സിബിറ്റ് നമ്പർ | വിവരണം |
|---|---|---|
| 1 | P1/PW2-27.03.2026 | ഇൻക്വസ്റ്റ് റിപ്പോർട്ട്/dt.11.07.2022 |
| 2 | P2/PW2-27.03.2026 | പ്രഥമവിവര റിപ്പോർട്ട് /dt.11.07.2022 |
| 3 | P3/PW2-27.03.2026 | സംഭവസ്ഥല മഹസ്സർ /dt.12.07.2022 |
| 4 | P4/PW2-27.03.2026 | ബോഡി മഹസ്സർ/dt.31.07.2022 |
| 5 | P5 series/PW2-27.03.2026 | എം വി ഐ റിപ്പോർട്ടുകൾ |
| 6 | P6/PW2-27.03.2026 | അറസ്റ്റു മെമ്മോ/dt.11.08.2022 |
| 7 | P7/PW2-27.03.2026 | പോസ്റ്റ്മോർട്ടം റിപ്പോർട്ട്/dt.11.07.2022 |
| 8 | P8 /PW2-27.03.2026 | ട്രീറ്റ്മെൻറ് സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 9 | P9/PW2-27.03.2026 | ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് |
| 10 | P10/PW2-27.03.2026 | പേരും വിലാസവും കൂട്ടിച്ചേർക്കാനുള്ള റിപ്പോർട്ട് |

<u>പ്രതിഭാഗം വിസ്തരിച്ച സാക്ഷികൾ</u> : ഇല്ല

<u>പ്രതി ഭാഗം ഹാജരാക്കിയ പ്രമാണങ്ങൾ</u> : ഇല്ല

<u>കോടതി സാക്ഷികൾ</u>: ഇല്ല

<u>കോടതി രേഖകൾ</u> : ഇല്ല

<u>തൊണ്ടിമുതലുകൾ:</u> ഇല്ല

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി